(ബി) സ്റ്റാർ പദവിയുള്ള ഹോട്ടലുകൾ, സർക്കാർ അംഗീകരിച്ച റസ്റ്റോറന്റുകൾ എന്നിവയ്ക്ക് ടൂറിസം വകുപ്പ് വൈദ്യുതി ചാർജിന് സബ്സിഡി നൽകുന്നുണ്ട്. ബേക്കറികൾ, ലോഡ്ജുകൾ എന്നിവയ്ക്ക് ഈ ആനുകൂല്യം നൽകാൻ ഉദ്ദേശിക്കുന്നില്ലായെന്ന് ടൂറിസം വകുപ്പ് അറിയിച്ചിട്ടുണ്ട്.

വഞ്ചിയം പദ്ധതിയുടെ സ്റ്റേ വെക്കേറ്റ് ചെയ്യുവാൻ നടപടി

18 [3362] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എവിടെയെല്ലാമാണ് മിനി ഹൈഡ്രോ ഇലക്ട്രിക് പദ്ധതികൾ ആരംഭിക്കുവാൻ സാധ്യതാ പഠനത്തിലൂടെ കണ്ടെത്തിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) വഞ്ചിയം മിനി ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയുടെ പ്രവർത്തി ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) വഞ്ചിയം പദ്ധതി നടത്തുന്നതിന് ഹൈക്കോടതിയിൽ നിന്നും ബോർഡ് അപേക്ഷയിൽ വല്ല സ്റ്റേയും ഉണ്ടായിട്ടുണ്ടോ;

(ഡി) എന്നാണ് സ്റ്റേ ഉണ്ടായത്;

(ഇ) ഈ സ്റ്റേ വെക്കേറ്റ് ചെയ്ത് പദ്ധതി പ്രവർത്തി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വഞ്ചിയം, ബാരാപോൾ, കലൻകി, കൊക്കമുള്ള്, ചാത്തമല, പെരുവ, മുക്കുട്ടത്തോട്, പെരിംപാല, ഫർലോങ്കര, ഓടൻപുഴ, ഹരിതീർത്ഥക്കര, കാഞ്ഞിരക്കൊല്ലി, ഉരുട്ടിപ്പുഴ, കോഴിച്ചാൽ, രണ്ടാംകടവ്, ബാരാപോൾ II, മുരിക്കടവ്, രാമച്ചി, പെരിത്തോടി എന്നീ സ്ഥലങ്ങളിൽ മിനി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകൾ ആരംഭിക്കുവാൻ സാദ്ധ്യതാപഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്.

(ബി) വഞ്ചിയം പദ്ധതി സ്വകാര്യ വൈദ്യുത പദ്ധതി (TPP) എന്ന നിലയിൽ നടപ്പിലാക്കാൻ 9-6-1993-ൽ ഐഡിയൽ പ്രോജക്ട്സ് ആന്റ് സർവീസസ് ലിമിറ്റഡ് എന്ന കമ്പനിയുമായി കരാർ ഒപ്പുവച്ചിരുന്നു. എന്നാൽ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പുരോഗമിക്കാത്തതിനാൽ വൈദ്യുതി ബോർഡ് പ്രസ്തുത കരാർ 5-9-1997-ൽ റദ്ദാക്കുകയുണ്ടായി. ഇതു കണക്കിലെടുക്കാതെ കമ്പനി പദ്ധതിയുടെ പ്രവർത്തികളുമായി മുന്നോട്ടു പോകുകയും ഏകദേശം 15% സിവിൽ ജോലികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി—ഇ) കരാർ റദ്ദാക്കിയതിനെതിരെ കമ്പനി ഹൈക്കോടതിയെ സമീപിക്കുകയും കോടതി ബോർഡിന്റെ പ്രസ്തുത ഉത്തരവ് നിയമ വിരുദ്ധമാണെന്നും കമ്പനിയുമായി പവർ പർച്ചേസ് എഗ്രിമെന്റ് ഒപ്പുവയ്ക്കണ മെന്നും വിധി പ്രസ്താവിക്കുകയും ചെയ്തിരുന്നു. ഇതിനെതിരെ ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ അപ്പീൽ നൽകിയെങ്കിലും 23-2-2004-ൽ അപ്പീൽ തള്ളി കോടതി ഉത്തരവായി. അപ്പീലുകൾ വീണ്ടും പരിഗണിക്കുന്നതിനായി റെസ്റ്റോറേഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

മങ്കട നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ

19 [3363] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷന് സി.ഡി. അടച്ച എത്ര അപേക്ഷകർ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് എന്നത്തേക്ക് വൈദ്യുതി കണക്ഷൻ നൽകാനാകും എന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള സാമഗ്രികളുടെ കുറവ് ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ എന്തെല്ലാം സാമഗ്രികളുടെ കുറവാണ് ഉള്ളതെന്നും അവ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2827.

(ബി) 31-12-2003 വരെ രജിസ്റ്റർ ചെയ്ത പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും 31-12-2004 വരെ രജിസ്റ്റർ ചെയ്ത പോസ്റ്റ് ആവശ്യമില്ലാത്ത കണക്ഷനുകളും ഈ വർഷം കൊടുത്തു തീർക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) പ്രധാനമായും പോസ്റ്റുകളുടെ ക്ഷാമമാണ് ഉള്ളത്. മഞ്ചേരി സർക്കിളിൽ 7, 8, 9 മീറ്റർ എന്നീ വിവിധ അളവിലുള്ള 48600 പോസ്റ്റുകൾ ലഭ്യമാക്കുവാൻ വേണ്ട സപ്ലൈ ഓർഡറുകൾ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly